REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ടോക്യോയിലേക്ക് യാത്ര തിരിക്കും.**
- **പ്രധാൻമന്ത്രി ജൻ ധൻ യോജനയ്ക്ക് ഇന്ന് 11 വർഷം പൂർത്തിയാകുന്നു.**
- **മഹാത്മ അയ്യൻകാളിയുടെ 162-ാം ജന്മദിനം ഇന്ന്. തിരുവനന്തപുരത്ത് വിപുലമായ ആഘോഷ പരിപാടികൾ.**
- **സംസ്ഥാനത്ത് ശക്തമായ മഴസാധ്യത മുൻനിർത്തി ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **താമരശ്ശേരി ചുരത്തിൽ ഗതാഗതം ഭാഗികമായി പുന:സ്ഥാപിച്ചു.**
- **ഭൂട്ടാനിൽ സാഫ് അണ്ടർ-17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ, ഭൂട്ടാനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ടോക്യോയിലേക്ക് യാത്ര തിരിക്കും. എട്ടാം തവണയാണ് നരേന്ദ്രമോദിയുടെ ജപ്പാൻ സന്ദർശനം. ജാപ്പനീസ് പ്രധാനമന്ത്രി ഷിഗേരു ഇഷിബയ്ക്കൊപ്പം പങ്കെടുക്കുന്ന ആദ്യ ഉച്ചകോടിയാണിത്.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്........

ഇരു പ്രധാനമന്ത്രിമാരും രണ്ട് രാജ്യങ്ങൾക്കുമിടയിലെ പ്രത്യേക തന്ത്രപര പങ്കാളിത്തവും രാജ്യരക്ഷ, വ്യാപാരം, ടെക്നോളജി തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്യുമെന്ന് വിദേശ കാര്യമന്ത്രാലയം അറിയിച്ചു. പ്രാദേശിക-ആഗോള വിഷയങ്ങളും നാളത്തെയും മറ്റന്നാളത്തെയും കൂടിക്കാഴ്ച കളിൽ ചർച്ചയാകും.

വിദേശയാത്രയുടെ രണ്ടാം പാദത്തിൽ ഈ മാസം 31നും സെപ്തംബർ ഒന്നിനും പ്രധാനമന്ത്രി ചൈനയിലുണ്ടായിരിക്കും. ടിയാൻജിൻ-ൽ ഷാൻഹായ് കോർപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയിൽ നരേന്ദ്രമോദി പങ്കെടുക്കും. ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിംഗിന്റെ ക്ഷണപ്രകാരമാണ് അദ്ദേഹം ഉച്ചകോടിയിൽ സംബന്ധിക്കുന്നത്. ഉച്ചകോടിയ്ക്കിടെ നിരവധി രാഷ്ട്ര നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചയും നടത്തും.

✪✪✪

ഇന്ത്യ, അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്ക് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഏർപ്പെടുത്തിയ 25 ശതമാനം അധിക തീരുവ ഇന്നലെ പ്രാബല്യത്തിൽ വന്നു. നേരത്തെ ഏർപ്പെടുത്തിയ 25 ശതമാനം തീരുവയടക്കം ഇന്ത്യൻ ഉത്പന്നങ്ങൾക്ക് 50 ശതമാനമാണ് അമേരിക്ക തീരുവ ഈടാക്കുന്നത്.

ഇന്ത്യൻ ഇറക്കുമതിക്ക് 50 ശതമാനം തീരുവ ചുമത്തിയ US തീരുമാനം അന്യായമാണെന്നും ഒട്ടും യുക്തിസഹമല്ലെന്നും വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് പറഞ്ഞു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമാണെന്നും ഗവൺമെന്റ് രാജ്യ താൽപ്പര്യങ്ങൾ സംരക്ഷിക്കുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

അന്താരാഷ്ട്ര വ്യാപാര തീരുമാനങ്ങൾ സ്വയം എടുക്കേണ്ടതാണെന്നും ബാഹ്യസമ്മർദ്ദങ്ങൾ അതിനെ സ്വാധീനിക്കാൻ പാടില്ലെന്നും RSS മേധാവി മോഹൻ ഭാഗവത് നിർദേശിച്ചു. രാജ്യം സ്വയംപര്യാപ്തത ഉറപ്പാക്കാണമെന്ന് RSS ശതാബ്ദിയുടെ ഭാഗമായി ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പരയിൽ ഭാഗവത് ആവശ്യപ്പെട്ടു. സ്വയംപര്യാപ്തത എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കും. ആഭ്യന്തര ഉത്പന്നങ്ങൾക്ക് മുൻഗണന നൽകാൻ എല്ലാവരും തയ്യാറാകണമെന്നും ഭാഗവത് പറഞ്ഞു. എല്ലാ ഇറക്കുമതിയും അവസാനിപ്പിക്കുകയെന്നതല്ല സ്വയംപര്യാപ്തതയെന്നും പരസ്പരാശ്രിതമായ ഇക്കാലത്ത് കയറ്റുമതിയും ഇറക്കുമതിയും അനിവാര്യതയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ അതിനായി ഉയരുന്ന സമ്മർദ്ദങ്ങൾക്ക് വഴിപ്പെടാതിരിക്കുകയാണ് വേണ്ടതെന്നും മോഹൻ ഭാഗവത് വ്യക്തമാക്കി.

✪✪✪

പ്രധാൻമന്ത്രി ജൻ ധൻ യോജനയ്ക്ക് ഇന്ന് 11 വർഷം പൂർത്തിയാകുന്നു. 2014 ഓഗസ്റ്റ് 15ന് ഡൽഹിയിലെ ചുവപ്പുകോട്ടയിലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ എല്ലാ കുടുംബങ്ങൾക്കും ബാങ്കിംഗ് സേവനം ലഭ്യമാക്കുന്ന ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക സംരംഭം പ്രഖ്യാപിച്ചത്. 2014 ഓഗസ്റ്റ് 28ന് പദ്ധതി നിലവിൽ വന്നു. സാമ്പത്തിക വിഷമവൃത്തത്തിൽ നിന്ന് പാവപ്പെട്ടവരെ മോചിപ്പിക്കുന്ന ആഘോഷമായി ജൻ ധൻ യോജനയെ പ്രധാനമന്ത്രി വിശേഷിപ്പിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

........വോയ്സ്..........

അടിസ്ഥാന സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ആവശ്യാധിഷ്ഠിത വായ്പ, പണമടക്കൽ സൗകര്യം, ഇൻഷുറൻസ്, പെൻഷൻ തുടങ്ങിയ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുകയാണ് ജൻ ധൻ യോജന ദേശീയ ദൗത്യത്തിന്റെ ലക്ഷ്യം. എല്ലാ കുടുംബങ്ങൾക്കും ബാങ്ക് അക്കൗണ്ട്, സാമ്പത്തിക സാക്ഷരത, വായ്പാ ലഭ്യത തുടങ്ങിയ സൗകര്യങ്ങൾ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സേവിംഗ്സ് ബാങ്ക് ഉപഭോക്താക്കൾക്ക് RUPAY ഡെബിറ്റ് കാർഡും ജൻ ധൻ യോജനയിൽ നൽകുന്നുണ്ട്. സീറോ ബാലൻസ് അക്കൗണ്ടുകൾ പദ്ധതിയിൽ ലഭ്യമാണ്. കോർ ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് സൗകര്യങ്ങളും പദ്ധതിയിൽ നൽകുന്നുണ്ട്.

✪✪✪

സമ്പന്നവും സ്വയം പര്യാപ്തവുമായ രാഷ്ട്രം സൃഷ്ടിക്കാൻ കരകൗശല വിദഗ്ധരുടെ സമഗ്ര വളർച്ചയ്ക്ക് ഏറെ പ്രധാന്യമുണ്ടെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. കൊച്ചിയിൽ അഞ്ചാമത് ലോക് സംവർദ്ധൻ പർവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രസഹമന്ത്രി. പ്രധാനമന്ത്രിയുടെ വികസിത് ഭാരത് യാഥാർഥ്യമാക്കാൻ കരകൗശല വിദഗ്ധരുടെ കുടുംബങ്ങളുടെയും വരുമാനം വർദ്ധിക്കുകയും വികസനത്തിന്റെ നേട്ടങ്ങൾ കൊയ്യുകയും ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് ജോർജ്ജ് കുര്യൻ പറഞ്ഞു. സെപ്റ്റംബർ 4 വരെ സംഘടിപ്പിച്ചിരിക്കുന്ന ലോക് സംവർദ്ധൻ പർവിൽ രാജ്യത്തെ 100-ലധികം കരകൗശല വിദഗ്ധർ പങ്കെടുക്കുന്നുണ്ട്.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA-യ്ക്കെതിരെ ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണമാരംഭിച്ചു. സ്ത്രീകളെ സോഷ്യൽ മീഡിയ വഴി പിന്തുടർന്ന് ശല്യം ചെയ്തുവെന്നും മാനോവേദനയ്ക്ക് ഇടയാക്കുന്ന തരത്തിൽ പ്രവർത്തിച്ചെന്നും നിർബന്ധിത ഗർഭഛിദ്രത്തിന് പ്രേരിപ്പിക്കുന്ന തരത്തിൽ സന്ദേശങ്ങളും ഫോൺ വിളികളും നടത്തിയെന്നും ആരോപിച്ചാണ് കേസ്.

സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്തത്. തിരുവനന്തപുരം റേഞ്ച് DYSP, C. ബിനുകുമാറിനാണ് അന്വേഷണ ചുമതല.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ വിഷയം അടഞ്ഞ അധ്യായമല്ലെന്നും അദ്ദേഹം MLA സ്ഥാനം രാജിവെക്കുന്നത് വരെ പ്രക്ഷോഭം ശക്തമാക്കുമെന്നും BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് കോഴിക്കോട്ട് പറഞ്ഞു. പാലക്കാട്ടെ ജനങ്ങളോട് രാഹുൽ നീതി പുലർത്തണമെന്നും രമേശ് ആവശ്യപ്പെട്ടു.

✪✪✪

ഇന്ന് അയ്യങ്കാളി ജയന്തി. കേരള നവോത്ഥാനത്തിന്റെ മുന്നണി പോരാളിയായ മഹാത്മ അയ്യൻകാളിയുടെ 162-ാം ജന്മദിനമാണിന്ന്. പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വകുപ്പുകളുടെ അഭിമുഖ്യത്തിൽ വിപുലമായ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഘോഷയാത്ര, പുഷ്പാർച്ചന, അനുസ്മരണ സമ്മേളനം തുടങ്ങിയ പരിപാടികൾ വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിൽ നടത്തും.

രാവിലെ കനകക്കുന്നിൽ നിന്ന് ഘോഷയാത്ര ആരംഭിക്കും. വെള്ളയമ്പലത്ത് അയ്യൻകാളി പ്രതിമയിൽ പുഷ്പാർച്ചന നടത്തിയ ശേഷം ചേരുന്ന അനുസ്മരണ സമ്മേളനത്തിൽ മന്ത്രിമാരായ OR കേളു, V ശിവൻകുട്ടി, G.R.അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, തുടങ്ങിയവരും ജനപ്രതിനിധികളും പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴസാധ്യത മുൻനിർത്തി ആറ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർക്കോട് ജില്ലകളിലാണ് ജാഗ്രതാ നിർദേശം.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെ ശക്തിയിൽ കാറ്റിന് സാധ്യതയുണ്ട്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

മണ്ണിടിച്ചിലിനെ തുടർന്ന് തടസ്സപ്പെട്ട താമരശ്ശേരി ചുരത്തിലെ ഗതാഗതം ഭാഗികമായി പുന:സ്ഥാപിച്ചു. ഇടിഞ്ഞു വീണ മണ്ണും, പാറയും അവശിഷ്ടങ്ങളും പൊലീസും അഗ്നി രക്ഷാ സേനയും ചുരം സംരക്ഷണ സമിതിയും ചേർന്ന് നീക്കം ചെയ്തു.

ചുരം വ്യൂ പോയിന്റിൽ മണ്ണിടിഞ്ഞ പ്രദേശത്ത് ജിയോളജി - മണ്ണ് സംരക്ഷണ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി. ഇനിയും മണ്ണിടിച്ചിലിന് സാധ്യത ഉണ്ടെന്നാണ് വിലയിരുത്തൽ. വിദഗ്ധ സമിതി പ്രദേശം സന്ദർശിക്കുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഭൂട്ടാനിൽ സാഫ് അണ്ടർ 17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ, ഭൂട്ടാനെ മറുപടിയില്ലാത്ത 5 ഗോളിന് തോൽപ്പിച്ചു. ഇന്ത്യയുടെ തുടർച്ചയായ നാലാം വിജയമാ ണിത്. ഇതോടെ 12 പോയിന്റുമായി ഇന്ത്യ പട്ടികയിൽ ഒന്നാം സ്ഥാനം നിലനിർത്തി. 9 പോയിന്റുമായി ബംഗ്ലാദേശാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

പാരീസിൽ ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ പുരുഷ ഡബിൾസ് സഖ്യം സാത്വിക്സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി, ഒളിമ്പിക് മെഡൽ ജേതാവ് PV സിന്ധു എന്നിവർ പ്രീ-ക്വാർട്ടറിൽ പ്രവേശിച്ചു.

ഇന്ന്, പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ HS പ്രണോയിയും, മിക്സഡ് ഡബിൾസിൽ രോഹൻ കപൂറും ഋതിക ശിവാനി ഗാഡ്ഡെയും മത്സരിക്കും.

✪✪✪

കേരള സംസ്ഥാന സ്പോർട്സ് ആക്ട് പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിൽ തിരഞ്ഞെടുപ്പിന്റെ കരട് വോട്ടർപട്ടിക ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഓഫീസിൽ പ്രസിദ്ധീകരിച്ചു. പട്ടിക സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും സെപ്റ്റംബർ 3 വരെ സമർപ്പിക്കാം. അന്തിമ വോട്ടർപട്ടിക സെപ്റ്റംബർ 8 ന് ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫിസുകളിൽ പ്രസിദ്ധീകരിക്കും.

✪✪✪

കോഴിക്കോട് ജില്ലയിൽ ഒരാളിൽ കൂടി അമീബിക് രോഗലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തു. 43കാരി നിലവിൽ മെഡിക്കൽ കോളെജിൽ ചികിത്സയിലാണ്.

നേരത്തെ ബീച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ച രോഗിയെ മെഡിക്കൽ കോളജിലേക്ക് റഫർ ചെയ്യുകയായിരുന്നു. നിലവിൽ 3 കുട്ടികളും രണ്ട് സ്ത്രീകളും ഉൾപ്പെടെ 9 പേർ ചികിൽസയിലുണ്ട്.

✪✪✪

സെക്രട്ടേറിയറ്റിലും വകുപ്പ് അധ്യക്ഷന്മാരുടെ കാര്യാലയങ്ങളിലും മറ്റു ഓഫീസുകളിലും ജൂലൈ 1ന് ആരംഭിച്ച ഫയൽ അദാലത്തിന്റെ ഭാഗമായി 53.87

ശതമാനം ഫയലുകൾ തീർപ്പാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. സെക്രട്ടേറിയറ്റിൽ 46.63 ശതമാനവും ഡയറക്ടറേറ്റുകളിൽ 55.7 ശതമാനവും പബ്ലിക് യൂട്ടിലിറ്റി/റെഗുലേറ്ററി സ്ഥാപനങ്ങളിൽ 73.03 ശതമാനവും ഫയലുകളാണ് തീർപ്പാക്കിയത്.

✪✪✪

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറത്തിറക്കിയ അക്കാദമിക് കലണ്ടർ പ്രകാരം തന്നെയായിരിക്കും ഓണാവധിയെന്ന് മന്ത്രി V ശിവൻകുട്ടി വ്യക്തമാക്കി. ഒന്നാം പാദവാർഷിക പരീക്ഷകൾക്ക് ശേഷം ഇന്നലെ ഓണാവധി ആരംഭിച്ചു. സെപ്റ്റംബർ എട്ടിന് സ്കൂളുകൾ തുറക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഓണാവധി വെട്ടിച്ചുരുക്കിയിട്ടില്ലെന്നും ഇപ്പോഴത്തെ ഓണാവധിയുടെ കാര്യത്തിൽ ഗവൺമെന്റ് നയത്തിൽ മാറ്റവുമില്ലെന്നും മന്ത്രി അറിയിച്ചു.

✪✪✪

മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണം സംബന്ധിച്ച നയരേഖ എല്ലാ ജനവിഭാഗങ്ങളുടെയും അഭിപ്രായങ്ങൾ കേട്ട ശേഷമേ തയ്യാറാക്കൂ എന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനും നിവാരണത്തിനുമായി വനം വകുപ്പ് തയ്യാറാക്കിയ കരട് നയസമീപന രേഖയിൽ സംഘടിപ്പിച്ച സംസ്ഥാന ശില്പശാല തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഇതിലെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 31 ന് കോഴിക്കോട്ട് നടത്തുന്ന പരിപാടിയിൽ അവതരിപ്പിക്കും.

✪✪✪

ഓണാഘോഷത്തിൽ ഹരിതചട്ടം പാലിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്താൻ ശുചിത്വ മിഷനും, ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റിയും, ചേർന്ന് സംഘടിപ്പിക്കുന്ന വിളംബര ഘോഷയാത്ര മന്ത്രി MB രാജേഷ് തിരുവനന്തപുരത്ത് ഫ്ലാഗ് ഓഫ് ചെയ്തു. മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം പൊതു ജനങ്ങളിലും, വ്യാപാര സ്ഥാപനങ്ങളിലും എത്തിക്കുകയാണ് വിളംബര ഘോഷയാത്രയുടെ ദൗത്യം. ഏഴു ദിവസം തിരുവനന്തപുരം ജില്ലയിൽ വാഹന പ്രചാരണം നടത്തും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*Reader : അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*